**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 922** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഭരണഘടനയെക്കുറിച്ചും ജനാധിപത്യ മൂല്യങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ ഐ ബി സതീഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനാധിപത്യ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഭരണഘടനയെക്കുറിച്ചും ജനാധിപത്യ മൂല്യങ്ങളെക്കുറിച്ചും പൊതുജനങ്ങളിലും യുവജന-വിദ്യാർത്ഥി സമൂഹങ്ങളിലും അവബോധം സൃഷ്ടിക്കുന്നതിനും സാഹോദര്യബോധമുള്ള ജനാധിപത്യ സമൂഹത്തെ വാർത്തെടുക്കുന്നതിനും സർക്കാർ നടത്തുന്ന പരിപാടികൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പാർലമെന്ററികാര്യ വകുപ്പിന് കീഴിലുള്ള പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് (FDSJ) അഥവാ ജനാധിപത്യത്തിനും സാമൂഹ്യനീതിയ്ക്കുമായുള്ള വേദി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിവരം എല്ലാ നിയമസഭാ സാമാജികരെയും അറിയിക്കുകയും, ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസിന്റെ ഭാഗമാകുവാൻ സന്നദ്ധത അറിയിച്ച 140 സ്കൂളുകളിലും 38 കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസിന്റെ ആഭിമുഖ്യത്തിൽ ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ സ്കൂൾ തലത്തിൽ യൂത്ത് പാർലമെന്റ് മത്സരങ്ങൾ, സെമിനാറുകൾ, പ്രഭാഷണങ്ങൾ, ക്വിസ്, ഉപന്യാസ, പ്രസംഗ മത്സരങ്ങൾ എന്നിവ നടത്തി വരുന്നു. കോളേജ് തലത്തിൽ മോഡൽ പാർലമെന്റ് മത്സരങ്ങൾ, ഏകദിന/ദ്വിദിന സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശില്പശാലകൾ, ക്വിസ്, ഉപന്യാസ, പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. ആയതിലേയ്ക്കായി സ്കൂൾ/കോളേജ് തലത്തിലെ അധ്യാപക കോ-ഓർഡിനേറ്റർമാർക്ക് വിവിധ തലങ്ങളിലുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭരണഘടനയേയും ജനാധിപത്യ മൂല്യങ്ങളെയും പൊതു സമൂഹത്തിന് മുന്നിൽ പരിചയപ്പെടുത്തുന്നതിലേയ്ക്കായി വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പ്രസ്തുത പരിപാടികൾക്ക് പുറമേ മന്ത്രി, എം.പി, ഭരണഘടനാ |

| | | | |
|---|---|---|---|
| | | | വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തികൊണ്ട് സംസ്ഥാനതല ഭരണഘടനാ ദിനാഘോഷവും പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം സ്വാതന്ത്ര്യദിനം, മനുഷ്യാവകാശ ദിനം, റിപ്പബ്ലിക് ദിനം, പ്രധാന വ്യക്തികളുടെ അനുസ്മരണങ്ങൾ എന്നിവ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കി വരുന്നു. പരിപാടികളുടെ കൃത്യമായ നടത്തിപ്പിലേയ്ക്കായി സ്കൂൾ-കോളേജ് തലത്തിൽ അദ്ധ്യാപക-വിദ്യാർത്ഥി കോ-ഓർഡിനേറ്റർമാർ, ജില്ലാ-കോ-ഓർഡിനേറ്റർമാർ എന്നിവരെയും തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് എന്ന പരിപാടി നടപ്പിലാക്കുവാൻ തീരുമാനമെടുത്തിരുന്നോ; വിശദാംശം നൽകാമോ; | (ബി) | പാർലമെന്ററികാര്യ വകുപ്പിന് കീഴിലുള്ള പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് (FDSJ) അഥവാ ജനാധിപത്യത്തിനും സാമൂഹ്യനീതിയ്ക്കുമായുള്ള വേദി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിവരം എല്ലാ നിയമസഭാ സാമാജികരെയും അറിയിക്കുകയും, ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസിന്റെ ഭാഗമാകുവാൻ സന്നദ്ധത അറിയിച്ച 140 സ്കൂളുകളിലും 38 കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസിന്റെ ആഭിമുഖ്യത്തിൽ ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ സ്കൂൾ തലത്തിൽ യൂത്ത് പാർലമെന്റ് മത്സരങ്ങൾ, സെമിനാറുകൾ, പ്രഭാഷണങ്ങൾ, ക്വിസ്, ഉപന്യാസ, പ്രസംഗ മത്സരങ്ങൾ എന്നിവ നടത്തി വരുന്നു. കോളേജ് തലത്തിൽ മോഡൽ പാർലമെന്റ് മത്സരങ്ങൾ, ഏകദിന/ദ്വിദിന സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശില്പശാലകൾ, ക്വിസ്, ഉപന്യാസ, പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. ആയതിലേയ്ക്കായി സ്കൂൾ/കോളേജ് തലത്തിലെ അധ്യാപക കോ-ഓർഡിനേറ്റർമാർക്ക് വിവിധ തലങ്ങളിലുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭരണഘടനയേയും ജനാധിപത്യ മൂല്യങ്ങളെയും പൊതു സമൂഹത്തിന് മുന്നിൽ പരിചയപ്പെടുത്തുന്നതിലേയ്ക്കായി വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പ്രസ്തുത പരിപാടികൾക്ക് പുറമേ മന്ത്രി, എം.പി, ഭരണഘടനാ വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തികൊണ്ട് സംസ്ഥാനതല ഭരണഘടനാ ദിനാഘോഷവും പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അതോടൊപ്പം സ്വാതന്ത്ര്യദിനം, മനുഷ്യാവകാശ ദിനം, റിപ്പബ്ലിക് ദിനം, പ്രധാന വ്യക്തികളുടെ അനുസ്മരണങ്ങൾ എന്നിവ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കി വരുന്നു. പരിപാടികളുടെ കൃത്യമായ നടത്തിപ്പിലേയ്ക്കായി സ്കൂൾ-കോളേജ് തലത്തിൽ അദ്ധ്യാപക-വിദ്യാർത്ഥി കോ-ഓർഡിനേറ്റർമാർ, ജില്ലാ-കോ-ഓർഡിനേറ്റർമാർ എന്നിവരെയും തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ലക്ഷ്യത്തിലേക്കെത്തുന്നതിനായി നൂതന കർമ്മ പരിപാടികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ കോളേജ്, സർവ്വകലാശാലകളിലെ വിദ്യാർത്ഥി യൂണിയൻ പ്രതിനിധികൾക്കായി പാർലമെന്റ്-നിയമസഭാ അംഗങ്ങൾ, അക്കാദമിക/ ഭരണ രംഗത്തെ വിദഗ്ധർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പരിശീലന പരിപാടികൾ, നിയമസഭാ മണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധികൾ മണ്ഡലം എം.എൽ.എയുമായി മണ്ഡലത്തിലെ വികസനത്തെക്കുറിച്ചുള്ള വ്യത്യസ്ത തലത്തിലുള്ള കാഴ്ചപ്പാടുകൾ പങ്ക് വയ്ക്കുന്ന പരിപാടി എന്നിവ ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസിന്റെ കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ